# നിങ്ങളുടെ മുപ്പതു വയസ്സിൽ ഒരു പ്രത്യേക ശുശ്രൂഷയിലേക്ക് ദൈവത്തിനു നിങ്ങളെ നടത്തണം

സാക് പുന്നൻ

WFTW 09 ഡിസംബർ 2012

പഴയ നിയമത്തിലും പുതിയ നിയമത്തിലും ഒരു പോലെ പലരുടേയും ജീവിതത്തിൽ വളരെ പ്രത്യേകതകളുള്ള പ്രായമാണ് മുപ്പതു വയസ്സ്.

ജോസഫ് മുപ്പതാമത്തെ വയസ്സിലാണ് ഈജിപ്തിൻറെ ഭരണാധികാരിയായത്.

ദാവീദ് രാജാവായപ്പോൾ മുപ്പതു വയസ്സായിരുന്നു.

യെഹസ്കേൽ തൻറെ ശുശ്രൂഷ തുടങ്ങിയപ്പോൾ മുപ്പതു വയസ്സായിരുന്നു. യെഹസ്കേൽ ഒരു പക്ഷെ തൻറെ ചെറുപ്പകാലം മുതൽ യിരമ്യാവിനു കീഴ്പ്പെട്ടിരുന്നിരിക്കാം. എന്ന് മാത്രമല്ല ചെറുപ്പം മുതൽ തന്നെ അവൻ യിരമ്യാവിൻറെ പ്രവചനങ്ങൾ കേട്ട് പഠിക്കുകയും ചെയ്തു കാണും. ചെറുപ്പം മുതലുള്ള അവൻറെ വിശ്വസ്തത കണ്ട ദൈവം അവനെ ഒരു പുരോഹിതനായല്ല ഒരു പ്രവാചകനായി തന്നെ തെരഞ്ഞെടുത്തു.

യേശു മുപ്പതാമത്തെ വയസ്സിൽ തൻറെ പരസ്യ ശുശ്രൂഷ ആരംഭിക്കുകയും പിതാവ് അവനെ കുറിച്ച് പരസ്യമായി സ്വർഗ്ഗത്തിൽ നിന്നും ഇങ്ങനെ അരുളിച്ചെയ്യുകയും ചെയ്തു, 'ഇവനെൻറെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' (മത്തായി.3:17).

അപ്പോസ്തോലന്മാരിൽ മിക്കവരും തങ്ങളുടെ ശുശ്രൂഷ തുടങ്ങിയപ്പോൾ മുപ്പതു വയസ്സിനടുത്തായിരുന്നു പ്രായം.

ഇന്നും ഏതാണ്ട് ഇതേ പ്രായത്തിലാണ് ദൈവം തൻറെ മക്കളെ അവർക്കായുള്ള പ്രത്യേക ശുശ്രൂഷയിലേക്ക് നയിക്കുവാൻ തുടങ്ങുന്നത്. എന്നാൽ അതിനു മുമ്പ് പല വർഷങ്ങൾ അവരെ ആ ശുശ്രൂഷയിലേക്ക് ഒരുക്കുവാൻ ദൈവം ചെലവഴിക്കുന്നു.

നിങ്ങളുടെ ഇരുപതുകളിലോ, അതിനു മുമ്പോ ദൈവത്തിനു സമ്പൂർണ്ണമായി നിങ്ങളെത്തന്നെ സമർപ്പിച്ചാൽ മുപ്പതോ മുപ്പത്തിയഞ്ചോ വയസ്സാകുമ്പോഴേക്കും ദൈവത്തിൻറെ പദ്ധതിപ്രകാരമുള്ള പ്രത്യേക ശുശ്രൂഷക്കായി നിങ്ങൾ ഒരുക്കപ്പെട്ടിരിക്കും.

എന്നാൽ പല ചെറുപ്പക്കാരും ക്ഷമയില്ലാത്തവരും കാത്തിരിക്കാൻ ഒരുക്കമില്ലാത്തവരുമാണ്. മുപ്പതു വയസ്സിനു മുമ്പ് ദൈവത്തെ സേവിക്കുവാൻ കഴിയുകയില്ല എന്നല്ല ഞാൻ പറയുന്നത്, പതിനാറാമത്തെ വയസ്സിൽപോലും ദൈവത്തെ സേവിക്കുവാൻ നിങ്ങൾക്ക് തുടങ്ങാം. എന്നാൽ ആദ്യ നാളുകളിൽ നിങ്ങളെ വഴി നടത്തുവാനും സംരക്ഷിക്കുവാനും ഏതെങ്കിലും അധികാരത്തിൻകീഴിൽ നിങ്ങളെ ദൈവം ഇരുത്തേണ്ടതുണ്ട്. എന്നാൽ പല ചെറുപ്പക്കാരും അത്തരത്തിൽ അധികാരത്തിൻകീഴിൽ അസ്വസ്ഥരാകുകന്നു. അതിൻറെ ഫലമായി അവർ ഒരിക്കലും നുറുങ്ങപ്പെടുന്നില്ല. അങ്ങനെ ദൈവത്തിനു അവരെ തൻറെ പദ്ധതിപ്രകാരമുള്ള ശുശ്രൂഷക്കായി ലഭിക്കുന്നില്ല.

യേശുവിനുപോലും തൻറെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പ് ജോസഫിനും മറിയക്കും കീഴടങ്ങിയിരുന്ന്! ആ പരിശീലനം ആവശ്യമായിരുന്നു.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)